2013 - 31

2014 - 15

2015 - 7 (22-6-2015 വരെ)

(ബി) അട്ടപ്പാടിയിൽ റിപ്പോർട്ട് ചെയ്ത ഓരോ ശിശുമരണവും ആരോഗ്യ വകുപ്പ് പ്രത്യേകമായി അന്വേഷണ വിധേയമാക്കുന്നുണ്ട്. ഗർഭിണികളുടെ പോഷണക്കുറവ്, ജന്മനായുള്ള ആന്തരാവയവങ്ങളുടെ തകരാറ്, നേരത്തെയുള്ള പ്രസവം, തൂക്കക്കുറവ്, അണുബാധ തുടങ്ങിയ കാരണങ്ങളാലാണ് ശിശുമരണങ്ങൾ സംഭവിക്കുന്നത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഈ കുഞ്ഞുങ്ങളുടെകാര്യത്തിൽ അമ്മമാർക്ക് വേണ്ട ഗർഭകാല പരിചരണവും കുഞ്ഞുങ്ങൾക്കുവേണ്ട ഫീൽഡ്തല പരിശോധനകളും പരിചരണവും ആരോഗ്യകേന്ദ്രങ്ങളിൽനിന്ന് ലഭിക്കേണ്ട സേവനങ്ങളും ലഭിച്ചിട്ടുണ്ട്.

പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

90 (2299) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ എത്ര വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് സൗകര്യം നൽകി ;

(ബി) ഇതിനായി എത്ര തസ്തികകൾ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2013-14 അദ്ധ്യയന വർഷം മുതൽ 100 കുട്ടികൾക്ക് വീതം എം.ബി.ബി.എസ്. കോഴ്സിൽ പ്രവേശനംനൽകി വരുന്നു. ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2014-15 അദ്ധ്യയന വർഷം മുതൽ 50 കുട്ടികൾക്ക് വീതം എം.ബി.ബി.എസ്. പ്രവേശനം നൽകിവരുന്നു.

(ബി) മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് 261 തസ്തികകളും ഇടുക്കി മെഡിക്കൽ കോളേജിലേയ്ക്ക് 149 തസ്തികകളും അനുവദിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജ് കാന്റീൻ പ്രവർത്തനം

91 (2300) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ക്യാന്റീൻ പ്രവർത്തന രഹിതമായതിനെത്തുടർന്ന് അവിടെയെത്തുന്ന ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആശുപത്രി പരിസരത്തെ സ്വകാര്യസ്ഥാപനങ്ങളെ സഹായിക്കാനാണ് ക്യാന്റീൻ തുറന്ന് പ്രവർത്തിപ്പിക്കാത്തത് എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ;

(സി) വലിയ തുക അഡ്വാൻസും വാടകയും നിശ്ചയിച്ചിരിക്കുന്നതിനാൽ കരാറുകാർക്ക് പ്രസ്തുത സ്ഥാപനം നടത്താൻകഴിയാതെവരികയും പലപ്പോഴും അടച്ചിടുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കാൻ വ്യവസ്ഥകൾ പ്രായോഗികമായി പുനഃക്രമീകരിക്കുമോ ;

(ഡി) പ്രസ്തുത ക്യാന്റീൻ കുടുംബശ്രീകളോ സഹകരണസ്ഥാപനങ്ങളോ ഏറ്റെടുത്ത് നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടോ, എങ്കിൽ ഏതു സ്ഥാപനം ആയിരുന്നു, വിശദമാക്കുമോ ;

(ഇ) പാരിസ്ഥിതികപ്രശ്നങ്ങൾ ഉണ്ടാക്കാത്തവിധം ക്യാന്റീൻ നവീകരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ക്യാന്റീൻ നവീകരിക്കുന്നതിന് ആർക്കെങ്കിലും കരാർ നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്ക് ; എന്തെല്ലാം വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അത്തരത്തിലുള്ള ആരോപണം അടിസ്ഥാനരഹിതമാണ്. പഴയ കെട്ടിടത്തിലാണ് ക്യാന്റീൻ പ്രവർത്തിച്ചുവരുന്നത്. ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാലാണ് പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിട്ടത്. എന്നിരുന്നാലും ആശുപത്രിക്കകത്ത് തന്നെ ഇൻഡ്യൻ കോഫീ ഹൗസ്, മിൽമാ ബൂത്ത്, കോഫി ഷോപ്പുകൾ എന്നിവ പ്രവർത്തിച്ച് വരുന്നതിനാൽ ജനങ്ങളുടെ ബുദ്ധിമുട്ട് ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ആശുപത്രിയ്ക്കകത്ത് തന്നെ ക്യാന്റീനുവേണ്ടി പി.ഡബ്ല്യു.ഡി. നിർമ്മിച്ച പുതിയ കെട്ടിടത്തിൽ ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പ്രായോഗികമായി പുനഃക്രമീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) പഴയ ക്യാന്റീൻ നവീകരണ പ്രവർത്തനങ്ങളും, പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയത് പൊതുമരാമത്ത് കെട്ടിട നിർമ്മാണ വിഭാഗമാണ്. പ്രസ്തുത വിഭാഗത്തിന്റെ നിലവിലുള്ള എല്ലാ ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടന്നിരിക്കുന്നത്.

നേഴ്സിംഗ് വിദ്യാഭ്യാസരംഗത്തെ പരിഷ്കരണം

92 (2301) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നേഴ്സിംഗ് വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനായി ഡോ.ശ്രീനിവാസൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നു ;

(ബി) അതിൽ ഏതെങ്കിലും വ്യവസായങ്ങൾ സർക്കാർ നിരാകരിക്കുകയുണ്ടായോ ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ;

(സി) സ്വാശ്രയ വിദ്യാഭ്യാസ നടത്തിപ്പുകാരുടെ താല്പര്യാർത്ഥം ആരോഗ്യ സർവ്വകലാശാല നിബന്ധനകളിൽ ഇളവ് നൽകിയിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നേഴ്സിംഗ് വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനായി ഡോ. ശ്രീനിവാസൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശകളും നിർദ്ദേശങ്ങളും താഴെ പറയുന്നവയാണ് :

1. നേഴ്സിംഗ് കോളേജ് 500 കിടക്കകളും 75% കിടത്തി ചികിത്സയുമുള്ള ആശുപത്രിയോട് അഫിലിയേറ്റ് ചെയ്തിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly